**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.518 29.11.2018-ൽ മറുപടിക്ക്**

**നികുതി വെട്ടിപ്പ് തടയുവാൻ നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ.അബ്ദു റബ്ബ്<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ്<br>,, പാറക്കൽ അബ്ദുല്ല<br>,, പി.കെ.ബഷീർ | | ഡോ. ടി.എം. തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | ഇതര സംസ്ഥാനങ്ങളിൽ നിന്നും ചരക്കുകൾ നികുതി വെട്ടിച്ച് കൊണ്ടുവരുന്ന കാരണം നികുതി വരുമാനം കുറയുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | ഇതര സംസ്ഥാനത്ത് നിന്നും വരുന്ന ചരക്കുകളിൽ നടക്കുന്ന നികുതി വെട്ടിപ്പ് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) | ജി.എസ്.ടി. നിലവിൽ വന്നശേഷം നിർത്തലാക്കിയ വാണിജ്യ നികുതി ചെക്ക് പോസ്റ്റുകൾ വീണ്ടും തുറക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (ബി) | ഇല്ല. |
| (സി) | ചെക്ക് പോസ്റ്റുകൾ വഴി ചരക്കുമായി കടന്നുവരുന്ന എല്ലാ വാഹനങ്ങളും പരിശോധിക്കുവാൻ ആവശ്യമായ നിർദ്ദേശം നൽകുമോ; | (സി)<br>യും<br>(ഡി)<br>യും | 01.07.2017 മുതൽ സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയതോടുകൂടി ചെക്ക് പോസ്റ്റുകൾ ഇല്ലാതെയായി. എന്നാൽ അതിർത്തി വഴി കടന്നു വരുന്ന വാഹനങ്ങൾ പരിശോധിക്കുവാൻ ഇന്റലിജൻസ് സ്ക്വാഡുകളുടെ എണ്ണം 91 ൽ നിന്ന് 178 ആയി വർദ്ധിപ്പിക്കുകയും ഇതിൽ 126 സ്ക്വാഡുകളെ സംസ്ഥാന അതിർത്തികളിൽ |
| (ഡി) | ജി.എസ്.ടി. ഇന്റലിജൻസ് സ്ക്വാഡുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | | |

| | | | |
|---|---|---|---|
| | | | ഇടതടവില്ലാതെ ചരക്കുവാഹന പരിശോധന നടത്തുന്നതിനും ഇ-വേ ബിൽ ഓൺലൈൻ പരിശോധിക്കുന്നതിനുമായി വിന്യസിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ